# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 128 25.04.2017 ൽ മറുപടിയ്ക്ക്

## വനിതാ ഡയറക്ടറെ ആക്രമിച്ച സംഭവം

**ചോദ്യം**

ശ്രീ.പി.സി. ജോർജ്

**ഉത്തരം**

ശ്രീ.പിണറായി വിജയൻ
(മുഖ്യമന്ത്രി)

(എ) സ്ത്രീ സുരക്ഷയുടെ ഭാഗമായി ഈ സർക്കാർ ഇതുവരെ എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്; എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു; വിശദമാക്കുമോ;

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന്റെ ഭാഗമായി വിവര സാങ്കേതിക വിദ്യയിലധിഷ്ഠിതമായ പിങ്ക് പോലീസ് കൺട്രോൾ റൂം ആറ് ജില്ലകളിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. രണ്ട് ജില്ലകളിൽ കൂടി ടി കൺട്രോൾ റൂം ഉടനെ ആരംഭിക്കുന്നതാണ്. ഉടനെ എല്ലാ ജില്ലകളിലും പിങ്ക് പോലീസ് കൺട്രോൾ റൂം നടപ്പിൽ വരുത്തുന്നതാണ്. ഇതിലേയ്ക്ക് കൺട്രോൾ റൂമുമായി ബന്ധപ്പെടുന്നതിലേയ്ക്ക് 1515 എന്ന ടോൾ ഫ്രീ നമ്പർ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി വനിതാ പോലീസ് മാത്രം ഉൾപ്പെടുന്ന പിങ്ക് പോലീസ് പട്രോൾ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. സ്ത്രീകളുടെ സുരക്ഷ ഉറപ്പാക്കുന്നതിലേയ്ക്കായി പിങ്ക് പോലീസ് ബീറ്റ് സംവിധാനവും തുടങ്ങിയിട്ടുണ്ട്.

2017-2018-ലെ നയപ്രഖ്യാപന പ്രസംഗത്തിൽ പ്രഖ്യാപിച്ച വനിതാ പോലീസ് ഓഫീസറുടെ പഞ്ചായത്ത് സന്ദർശനം നടപ്പിൽ വരുത്തിയിട്ടുണ്ട്. ഇതനുസരിച്ച് ഒരു വനിതാ പോലീസുദ്യോഗസ്ഥയെ പഞ്ചായത്ത് ബീറ്റ് ഓഫീസറായി നാമനിർദ്ദേശം ചെയ്യുന്നതാണ്. ടി വനിതാ പോലീസുദ്യോഗസ്ഥ എല്ലാ ചൊവ്വാഴ്ചകളിലും 10.30 എ.എം.നും 01.00 പി.എം.നും ഇടയ്ക്കുള്ള സമയത്ത് ബന്ധപ്പെട്ട പഞ്ചായത്ത് ഓഫീസ് സന്ദർശിക്കുന്നതാണ്. ഏതെങ്കിലും ഒഴിവാക്കാനാവാത്ത

അത്യാവശ്യ കാര്യങ്ങളാൽ സന്ദർശനം നടത്താൻ സാധിച്ചില്ലെങ്കിൽ ആയത് അടുത്തു വരുന്ന വ്യാഴാഴ്ച സന്ദർശനം നടത്തുന്നതാണ്. ടി ഉദ്യോഗസ്ഥ സ്ത്രീകളിൽ നിന്നും പരാതികൾ സ്വീകരിക്കുന്നതും പരിഹരിക്കുവാൻ കഴിയുന്നവ അപ്പോൾ തന്നെ പരിഹരിച്ചും മറ്റുള്ളവ ബന്ധപ്പെട്ട സ്റ്റേഷൻ ഹൗസ് ഓഫീസർക്ക് അനന്തര നടപടികൾക്കായി കൈമാറുന്നതുമാണ്.

സ്ത്രീകളുടെ സുരക്ഷ ഉറപ്പാക്കുന്നതിലേയ്ക്കായി സ്വയം പ്രതിരോധ പരിശീലന പരിപാടികൾ നടത്തി വരുന്നു. കൂടാതെ കോളേജ്, സ്കൂൾ, റസിഡന്റ്സ് അസോസിയേഷൻ, കുടുംബശ്രീ യൂണിറ്റ് എന്നിവയുമായി ചേർന്ന് ബോധവൽക്കരണ ക്ലാസുകളും നടത്തി വരുന്നു.

സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിലേയ്ക്കും, അവരുടെ പരാതികൾ പരിഹരിക്കുന്നതിലേയ്ക്കുമായി തിരുവനന്തപുരത്ത് ഒരു സംസ്ഥാന വനിതാ സെല്ലും ജില്ലകളിൽ വനിതാ സെല്ലുകളും പ്രവർത്തിച്ചു വരുന്നു. കൂടാതെ ഈ സെല്ലുകളിൽ 24 മണിക്കൂറും പ്രവർത്തിയ്ക്കുന്ന വനിതാ ഹെൽപ്പ് ലൈനും നിലവിലുണ്ട്. അത്യാവശ്യഘട്ടങ്ങളിൽ സഹായത്തിനായി വുമൺ ഹെൽപ്പ് ലൈൻ നമ്പർ 181 പ്രവർത്തിച്ച് വരുന്നുണ്ട്. ഇതു കൂടാതെ പോലീസ് സ്റ്റേഷനുകളിൽ വനിതാ ഹെൽപ്പ് ഡസ്ക് പ്രവർത്തിച്ചു വരുന്നു.

(ബി) മാർച്ച് 30-ാം തീയതി കേരള സർവ്വകലാശാല സ്റ്റുഡൻസ് സർവ്വീസ് ഡയറക്ടർ ആയ വനിതാ ജീവനക്കാരിയെ വധിയ്ക്കുമെന്ന് ഒരു സംഘടനയുടെ ഒരു പറ്റം വിദ്യാർത്ഥികൾ ഭീഷണിപ്പെടുത്തുകയും ഓഫീസിൽ തടഞ്ഞു വയ്ക്കുകയും, ഇവരെ ദേഹോപദ്രവം ഏൽപിക്കുകയും മൂത്രമൊഴിക്കാൻപോലും ഈ സ്ത്രീയെ അനുവദിക്കാതിരുന്ന പീഡനത്തെ കുറിച്ച് സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദമാക്കുമോ; ടി വനിതാ ഡയറക്ടറുടെ പേര് വെളിപ്പെടുത്തുമോ;

(ബി) 30.03.2017 തീയതിയിൽ കേരള സർവ്വകലാശാല സ്റ്റുഡൻസ് സർവ്വീസ് ഡയറക്ടറായ വനിതാ ജീവനക്കാരിയെ ഒരു സംഘടനയുടെ ഒരു കൂട്ടം വിദ്യാർത്ഥികൾ ഭീഷണിപ്പെടുത്തുകയും തടഞ്ഞുവയ്ക്കുകയും ദേഹോപദ്രവം ഏൽപിക്കുകയും ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിലേയ്ക്ക് കന്റോൺമെന്റ് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 448/17 u/s 342, 294(b), 323, 324, 506(i), 383 & 34 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. കേരള സർവ്വകലാശാല സ്റ്റുഡൻസ് സർവ്വീസ് ഡയറക്ടർ ഡോ.റ്റി.വിജയലക്ഷ്മിയാണ് ടി വനിതാ ഡയറക്ടർ.

| | | | |
|---|---|---|---|
| (സി) | ഇതിനെതിരെ മുഖ്യമന്ത്രിക്കും, ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും പരാതി നൽകിയിട്ട് നാളിതുവരെ എന്ത് നടപടി സ്വീകരിച്ചു; | (സി) | കേരള സർവ്വകലാശാല സ്റ്റുഡൻസ് സർവ്വീസ് ഡയറക്ടർ ഡോ.റ്റി.വിജയലക്ഷ്മിയെ ഒരു സംഘം വിദ്യാർത്ഥികൾ ഭീഷണിപ്പെടുത്തുകയും തടഞ്ഞുവയ്ക്കുകയും ദേഹോപദ്രവം ഏൽപിക്കുകയും ചെയ്ത സംഭവത്തെ സംബന്ധിച്ച് ലഭിച്ച പരാതി പ്രകാരം മേൽ പറഞ്ഞ സംഭവത്തിലേയ്ക്ക് തിരുവനന്തപുരം കന്റോൺമെന്റ് പോലീസ് സ്റ്റേഷൻ 448/17 u/s 342, 294(b), 323, 324, 506(i), 383 & 34 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. |
| (ഡി) | ഏത് വിദ്യാർത്ഥി സംഘടനയാണ് ഈ ക്രൂരകൃത്യം ചെയ്തതെന്നാണ് ഇവരുടെ പരാതിയിൽ പറയുന്നത്; | (ഡി) | എസ്.എഫ്.ഐ. വിദ്യാർത്ഥി സംഘടന എന്ന് പരാതിയിൽ പരാമർശിച്ചിട്ടുണ്ട്. |
| (ഇ) | കേരളാ യൂണിവേഴ്സിറ്റിയിലെ ഒരു സിൻഡിക്കേറ്റംഗം ആണ് ഈ ക്രൂരകൃത്യത്തിന് വിദ്യാർത്ഥികൾക്ക് നേതൃത്വം കൊടുത്തതെന്ന് അറിയുന്നതിനാൽ ഈ സിൻഡിക്കേറ്റംഗം ആരെന്ന് പേരു സഹിതം വിശദമാക്കുമോ; | (ഇ) | ഇത്തരത്തിൽ ലഭിച്ച പരാതി അന്വേഷണത്തിലാണ്. പരാതിയുടെ നിജസ്ഥിതി വെളിവാകാത്തതിനാൽ ഇപ്പോൾ വിശദാംശം നൽകാൻ കഴിയില്ല. |
| (എഫ്) | ഈ വനിതാ ഡയറക്ടറെ ആക്രമിച്ചവർക്കെതിരെ നിയമാനുസരണം നടപടികൾ സ്വീകരിക്കുവാൻ ഈ സർക്കാർ തയ്യാറാകുമോ; ഏതെങ്കിലും പ്രതികളെ നാളിതുവരെ അറസ്റ്റ് ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ? | (എഫ്) | വനിതാ ഡയറക്ടറെ ആക്രമിച്ചതിലേയ്ക്ക് കന്റോൺമെന്റ് പോലീസ് സ്റ്റേഷനിൽ ഉചിത മാർഗ്ഗേന ലഭിച്ച പരാതിയ്ക്ക് ഉചിതമായ നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ക്രൈം നമ്പർ 448/17 u/s 342, 294(b), 323, 324, 506(i), 383 & 34 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. ഈ കേസിലേയ്ക്ക് പ്രതികളെ അറസ്റ്റ് ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ.